# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 606 — 28/10/2011 ൽ മറുപടിയ്ക്ക്

## ഒറ്റത്തവണ രജിസ്ട്രേഷൻ പരിപാടി

| ചോദ്യം: | ഉത്തരം: |
| --- | --- |
| ശ്രീ. എം. എ. വാഹീദ്<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) ഉദ്യോഗാർത്ഥികൾക്കുവേണ്ടി പി.എസ്.സി. ഒറ്റത്തവണ രജിസ്ട്രേഷൻ പരിപാടി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉദ്യോഗാർത്ഥികൾക്കുവേണ്ടി പി.എസ്.സി. ഒറ്റത്തവണ രജിസ്ട്രേഷൻ ആരംഭിക്കുവാൻ തീരുമാനമായിട്ടുണ്ട്. |
| (ബി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; | (ബി) ഈ പദ്ധതിക്കായി കമ്മീഷന്റെ സാങ്കേതിക വിഭാഗം ജീവനക്കാരെ ഉപയോഗിച്ച് ഒരു unique ID ഉൾപ്പെടുത്തി Software തയ്യാറാക്കാനായി തീരുമാനിക്കുകയും നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) ഇതുകൊണ്ട് ഉദ്യോഗാർത്ഥികൾക്ക് എന്തെല്ലാം നേട്ടങ്ങളാണ് ലഭിക്കുന്നത്; | (സി) ടി പദ്ധതി നടപ്പിലായാൽ ഉദ്യോഗാർത്ഥികൾക്കുള്ള നേട്ടങ്ങൾ താഴെ പറയുന്നു.<br><br>1. അപേക്ഷ അയയ്ക്കൽ കൂടുതൽ എളുപ്പമാകും. വ്യക്തിഗത വിവരങ്ങൾ, ഫോട്ടോ ഇവ ഒരിക്കൽ അപ്‌ലോഡ് ചെയ്താൽ മതിയാകും<br><br>2. ഇന്റർനെറ്റ് വഴി ഒരാൾ അപേക്ഷിച്ച വിവിധ തസ്തികകളുടെ ഏറ്റവും പുതിയ സ്റ്റേജ് (പരീക്ഷ കഴിഞ്ഞോ/ലിസ്റ്റ് ആയോ തുടങ്ങിയ status) എപ്പോഴും അറിയാൻ കഴിയും.<br><br>3. ഒരേ യോഗ്യതയുള്ള തസ്തികകളിൽ ഒന്നിനായി സർട്ടിഫിക്കറ്റ് വെരിഫിക്കേഷന് ഹാജരായാൽ പിന്നീട് സമാന തസ്തികകൾക്കായി പരിശോധനയ്ക്ക് ഹാജരാകേണ്ടി വരില്ല. |

4. ഓഫീസ് സംവിധാനം ഈ നടപടിക്രമം വഴി കൂടുതൽ കാര്യക്ഷമമാവും എന്നതിനാൽ കൂടുതൽ വേഗത്തിൽ റാങ്ക് ലിസ്റ്റും, ഷോർട്ട് ലിസ്റ്റും പ്രസിദ്ധീകരിക്കാൻ കഴിയും.

5. പരാതി മുതലായവ online facility വഴി സമർപ്പിക്കാനും അതിന്റെ status അറിയാനും കഴിയും.

6. റിക്രൂട്ട്മെന്റ് നടപടികൾ പൂർണ്ണമായും വിവരസാങ്കേതിക വിദ്യ ഉപയോഗിച്ച് ആധുനീകരിക്കുന്നതിന്റെ ആദ്യപടി ആയതിനാൽ പ്രസ്തുത നടപടികൾ പൂർത്തിയായി കഴിയുമ്പോൾ അപേക്ഷ സമർപ്പിച്ച് ജോലിക്കായി നിയമന ശിപാർശ ലഭിക്കുന്ന തീയതിവരെയുള്ള ദൈർഘ്യം ഒരു വർഷത്തിൽ താഴെയായി കുറയ്ക്കാൻ കഴിയും എന്ന് പ്രതിക്ഷിക്കുന്നു.

(ഡി) ഇത് സമയബന്ധിതമായി നടപ്പാക്കാൻ ശ്രമിക്കുമോ ?

(ഡി) ജനുവരി 1, 2012 ഒറ്റത്തവണ രജിസ്ട്രേഷൻ നടപ്പിലാക്കാനുള്ള tentative date ആയി തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ